# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1046

30.10.2019-ലെ മറുപടി

## ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രോജക്ട് ഓഫീസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തലസ്ഥാന നഗരിയിലടക്കം ജിക്കയുടെ സഹായത്തോടെ നടപ്പിലാക്കിയ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ വായ്പ കാലാവധി അവസാനിച്ചത് എന്നാണെന്ന് വെളിപ്പെടുത്താമോ; | (എ) | ജിക്ക പദ്ധതിയുടെ വായ്പ കാലാവധി 2015 ജൂലായ് മാസത്തിൽ അവസാനിച്ചു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി ജലഭവനിൽ രൂപീകരിച്ച പ്രോജക്ട് ഓഫീസിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്ന് വിശദമാക്കുമോ; | (ബി) | ജിക്ക പദ്ധതിക്കായി ജലഭവനിൽ രൂപീകരിച്ച പ്രോജക്ട് ഓഫീസ് 05.10.2018 മുതൽ ADB പ്രോജക്ടിന്റെ നടത്തിപ്പിലേക്കുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായി പുനർ വിന്യസിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസിൽ 16 ജീവനക്കാരാണുള്ളത്. |
| (സി) | പ്രതിമാസം അവർക്ക് ശമ്പള യിനത്തിൽ എന്ത് തുകയാണ് നൽകേണ്ടതെന്ന് വെളിപ്പെടുത്താമോ; | (സി) | 11,50,404/-രൂപ (പതിനൊന്ന് ലക്ഷത്തി അമ്പതിനായിരത്തി നാനൂറ്റി നാല് രൂപ മാത്രം) |
| (ഡി) | പദ്ധതി കാലാവധി പൂർത്തി യാക്കിയിട്ടും പ്രോജക്ട് ഓഫീസ് നിർത്തലാക്കി ഉദ്യോഗസ്ഥരെ പുനർ വിന്യസിക്കാതിരുന്നത് എന്തു കൊണ്ടാണെന്ന് അറിയിക്കാമോ? | (ഡി) | ജിക്ക ലോൺ കാലാവധി 2015 - ൽ അവസാനിച്ചു എങ്കിലും ആ പ്രോജക്ടുമായി ബന്ധപ്പെട്ട് നടന്നു വരുന്ന ശേഷിക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ കൈകാര്യം ചെയ്യുന്നതും ഹൈക്കോടതിയിലും മറ്റും നിലനിൽക്കുന്ന നിരവധി കേസുകളുടെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതും, നിരവധി ഓഡിറ്റ് പരാമർശങ്ങൾക്കും സമിതി കണ്ടെത്തലുകൾക്കും മറുപടി നൽകുന്നതും നിലവിൽ ഉണ്ടായിരുന്ന കരാറുകാരുടെ സെക്യൂരിറ്റി, ബാങ്ക്ഗ്യാരന്റി എന്നിവ നിരീക്ഷിച്ച് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും ഈ ഓഫീസിൽ നിന്നാണ്. |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | ലോൺ കാലാവധി അവസാനിച്ചശേഷം അടുത്ത അഞ്ച് വർഷത്തേയ്ക്ക് നിർദ്ദിഷ്ട ഇടവേളകളിൽ ജിക്ക മിഷൻ പ്രസ്തുത പദ്ധതികളുടെ അവലോകനം ഈ ഓഫീസുമായി ബന്ധപ്പെട്ടാണ് നടത്തി വരുന്നത്. ഇതിലേക്കാവശ്യമായ പ്രവർത്തനപുരോഗതി റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുന്നതും ജിക്ക മിഷനുമായി കത്തിടപാടുകൾ നടത്തുന്നതും ഈ ഓഫീസിൽ നിന്നാണ്.<br>2500 കോടി രൂപയുടെ ADB പ്രോജക്റ്റിന്റെ നടത്തിപ്പിലേയ്ക്കായി പ്രസ്തുത ഓഫീസിലെ നിലവിലുള്ള സ്റ്റാഫുകളെ 05.10.2018 മുതൽ ADB Project ന്റെ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിലേയ്ക്ക് മാറ്റി നിയമിച്ചു.<br>ADB പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും ജിക്ക പ്രോജക്റ്റിൽ അവശേഷിക്കുന്ന പ്രവൃത്തികളുടെയും നടത്തിപ്പിനായി ആവശ്യം വേണ്ടുന്ന സ്റ്റാഫുകൾ മാത്രമാണ് ഈ ഓഫീസിൽ നിലവിൽ ഉള്ളത്. |

**സെക്ഷൻ ഓഫീസർ**